Malayalam Research Journal
U.G.C-CARE Approved Journal. Sl. No. 114, Group D,
ISS No: 0974-1984
RNI No. KERBIL 2008/24527
LCCN 2013 318190
Vol.12 Issue 3 September-December 2019

## Contents


| | | |
|---|---|---|
| ആമുഖം | 4523 | ശ്രീകുമാർ എ.ജി. |
| ചെറുകഥ: ആഖ്യാനവും ചരിത്രവും | 4526 | സുനിൽ പി. ഇളയിടം |
| കാഴ്ച, ശരീരം, ഹിംസ: കഥയിലെ നവയാഥാർഥ്യങ്ങൾ | 4535 | ഷാജി ജേക്കബ് |
| അധികാരത്തിന്റെയും ഹിംസയുടെയും അടയാളങ്ങൾ | 4548 | രാഹുൽ രാധാകൃഷ്ണൻ |
| അധികാരപ്രയോഗങ്ങൾ, നിരന്തരനിരീക്ഷണങ്ങൾ : ആധുനികാനന്തര ചെറുകഥയുടെ ഭാവനാലോകങ്ങൾ | 4566 | അജീഷ് ജി. ദത്തൻ |
| അസാമാന്യതയുടെ ആഖ്യാനം മലയാള ചെറുകഥകളിലെ ഉടലുണർവിൻ തിരിവ് | 4587 | സന്തോഷ് മാനിച്ചേരി |
| അപരലോകത്തിന്റെ ഭാവനകൾ | 4601 | രാജേഷ് എം.ആർ. |
| പറച്ചിലിന്റെ ലാവണ്യശാസ്ത്രവും തദ്ദേശീയാധുനികതയും | 4614 | ഇന്ദു പി. നമ്പൂതിരി |
| 1128-ൽ ക്രൈം 27: ഒരു പുനർവായന | 4629 | സണ്ണി സെബാസ്റ്റ്യൻ |
| Visual Literacy: Cultural aesthetics and visual signifiers of early studio photographs of Kerala | 4642 | Sujith Kumar Parayil |

Malayalam Research Journal
U.G.C-CARE Approved Journal. Sl. No. 114, Group D,
ISS No: 0974-1984
RNI No. KERBIL 2008/24527
LCCN 2013 318190
Vol.12 Issue 3 September-December - 2019

## Abstract & Keywords

### ചെറുകഥ: ആഖ്യാനവും ചരിത്രവും

സുനിൽ പി. ഇളയിടം

**സംഗ്രഹം**

ചെറുകഥ എന്ന ജനുസ്സിന്റെ ചരിത്രപരമായ അടിസ്ഥാനത്തെക്കുറിച്ചുള്ള ആലോചന. ചെറുകഥയുടെ രൂപസംവിധാനത്തിൽ നിലീനമായ യുക്തിപരത, വൈയക്തികത, രേഖീയത തുടങ്ങിയ ഘടകങ്ങൾ അതിനെ എങ്ങനെ ആധുനികതയുടെ ആവിഷ്കാരപ്രകാരങ്ങളിലൊന്നാക്കി മാറ്റുന്നു എന്നാണ് ഈ പ്രബന്ധം ചർച്ചചെയ്യുന്നത്. അച്ചടി ഒരു സാങ്കേതിക സംവിധാനം എന്നതിനപ്പുറം ചെറുകഥയുടെ അനുഭൂതിനിർമ്മാണത്തിന്റെ ഭാഗമായിത്തീരുന്നതെങ്ങനെ എന്നും ഈ പ്രബന്ധം ചർച്ചചെയ്യുന്നു.

**താക്കോൽവാക്കുകൾ**

ആധുനികത, യുക്തിപരത, അനുഭൂതി, അച്ചടി, രൂപം.

### കാഴ്ച, ശരീരം, ഹിംസ: കഥയിലെ നവയാഥാർഥ്യങ്ങൾ

**ഷാജി ജേക്കബ്**

**സംഗ്രഹം**

1990-2009 കാലത്തെ മലയാളചെറുകഥാഭാവുകത്വത്തെ പതിമൂന്നു സാംസ്കാരിക സന്ദർഭങ്ങളോടു ചേർത്തുനിർത്തി വിശദീകരിച്ച്, 2009-ൽ മലയാളം 'റിസേർച്ച് ജേണലിൽ' പ്രസിദ്ധീകരിച്ച പ്രബന്ധത്തിന്റെ തുടർച്ച. 2009-2019 ദശകത്തിലെ മലയാളകഥയുടെ ഭാവപരിണാമങ്ങളെ (1) ആഗോളവൽക്കരണകാലത്തു സംഭവിക്കുന്ന പ്രാദേശികവൽക്കരണവും ദേശീയതാവിമർശനവും (2) സിനിമാറ്റിക്-ടെലിവിഷ്വൽ-ഡിജിറ്റൽ ആഖ്യാനകല (3) സ്ഥല, കാല, ചരിത്രമണ്ഡലങ്ങളുടെ രാഷ്ട്രീയ ഉണർവുകൾ (4) ആധിപത്യങ്ങൾക്കെതിരേയുള്ള സാംസ്കാരിക കുറ്റവിചാരണ (5) ഹിംസയുടെ സിംഫണി എന്നീ അഞ്ച് കലാനുഭവങ്ങളിലേക്കു വിവർത്തനം ചെയ്യുകയും കാഴ്ച, കാമന, ഹിംസ എന്നീ മൂന്ന് രൂപബന്ധങ്ങളിലേക്കു സംഗ്രഹിക്കുകയും ചെയ്യുന്നു, ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ**

ദേശീയതാവിമർശനം, ഹിന്ദുത്വം, ജാതീയത, കാമന, ലൈംഗികരാഷ്ട്രീയം, കാഴ്ച, ശരീരം, ഹിംസ.

## അധികാരത്തിന്റെയും ഹിംസയുടെയും അടയാളങ്ങൾ

**രാഹുൽ രാധാകൃഷ്ണൻ**

**സംഗ്രഹം**

സമകാലികസമൂഹത്തിൽ അധികാരം എങ്ങനെ കൂടുതൽ ഹിംസാത്മകമാകുന്നുവെന്ന് തെരഞ്ഞെടുത്ത ചെറുകഥകളുടെ അപഗ്രഥനത്തിലൂടെ വിശദീകരിക്കുന്നു. ജീവിതത്തിന്റെ സൂക്ഷ്മതലങ്ങളിൽവരെ ഹിംസയുടെ വിരലടയാളങ്ങൾ പതിഞ്ഞിരിക്കുന്നതായി ആനന്ദ്, എൻ. പ്രഭാകരൻ, ഉണ്ണി ആർ, വി.എം. ദേവദാസ്, ജി.ആർ. ഇന്ദുഗോപൻ, വിനോയ് തോമസ്, യമ, ഫ്രാൻസിസ് നൊറോണ, വിവേക് ചന്ദ്രൻ എന്നിവരുടെ കഥകളുടെ അപഗ്രഥനത്തിലൂടെ തെളിയിക്കുന്നു.

**താക്കോൽ വാക്കുകൾ:**

അധികാരം, ഹിംസ, ഭരണകൂടം, ദേശീയത

## അധികാരപ്രയോഗങ്ങൾ,
## നിരന്തരനിരീക്ഷണങ്ങൾ : ആധുനികാനന്തര ചെറുകഥയുടെ ഭാവനാലോകങ്ങൾ

**അജീഷ് ജി ദത്തൻ**

**സംഗ്രഹം**

തിരഞ്ഞെടുത്ത കഥകളെ മുൻനിർത്തി അധികാരത്തിന്റെ വിവിധ വ്യവഹാരങ്ങൾ എങ്ങനെ സമകാല മലയാള ചെറുകഥയുടെ ഭാവരൂപങ്ങളാകുന്നു എന്ന അന്വേഷണമാണ് ഈ പ്രബന്ധം. തൊഴിലിടങ്ങൾ, മതം, ജാതി, ലിംഗ-വർണ്ണ ഭേദങ്ങൾ, ഭരണകൂടാധികാരം, സൈബർ സാങ്കേതികത തുടങ്ങി നാനാവിധ വ്യവഹാരങ്ങളിൽ അധികാര പ്രയോഗങ്ങൾ നിലീനമായിരിക്കുന്നതെങ്ങനെ എന്നുള്ള വിശകലനമാണിവിടെ ചെയ്യുന്നത്. അതിനായി ജെറമി ബെൻഥാം, ഫൂക്കോ, ദെല്യൂസ് & ഗത്താരി, കെവിൻ ഡി ഹാഗർട്ടി തുടങ്ങിയവരുടെ സൈദ്ധാന്തിക പരികല്പനകൾ ഉപയോഗിക്കുന്നു.

**താക്കോൽ വാക്കുകൾ:**

പെനാപ്റ്റികോൺ (panopticon), സർവൈലൻസ് (surveillance), ജൈവാധികാരം (biopower), നിയന്ത്രണസമൂഹം (control society), ജനസഞ്ചയം (multitude), സർവൈലൻഡ് അസംബ്ലേജ് (surveilant assemblage).

## അ-സമാന്യതയുടെ ആഖ്യാനം
## മലയാള ചെറുകഥകളിലെ ഉടലുണർവ്വിൻ തിരിവ്

**സന്തോഷ് മാനിച്ചേരി**

**സംഗ്രഹം**

മലയാളചെറുകഥകളിൽ ഒരു ഉടലുണർവ്വിൻ തിരിവ് രൂപപ്പെട്ടിട്ടുണ്ടെ ന്നാണ് ഈ പഠനലേഖനം മുന്നോട്ടുവെക്കുന്ന ആശയം. കാലത്തെ നേരിടാനുള്ള സവിശേഷരാഷ്ട്രീയവൃത്തി എന്ന നിലയിലാണ് അതു പ്രസക്തമാകുന്നത്. കഥയെന്ന ജനസ്സിന്റെ ബാധിക്കാനുള്ള/ഉടലുണർത്താനുള്ള ശേഷിയെ തീവ്രമാക്കുന്ന ചരിത്ര രാഷ്ട്രീയ സന്ദർഭമാണിത്. പ്രസ്ഥാനസ്വഭാവമോ ഐകരൂപ്യമോ അല്ല, ഈ തിരിവിനെ പ്രസക്തമാക്കുന്നത്. ഓരോ കഥയും വിശേഷശക്തിയോടെ അനന്യമായ ഭാഷാപ്രതിഭാസമായി പുറത്തുവരുന്നുവെന്നതാണ് പ്രധാനം.

**താക്കോൽ വാക്കുകൾ:**

ഉടലുണർവ്വ്, സാമാന്യത, ചെറുപക്ഷം

## അപരലോകത്തിന്റെ ഭാവനകൾ

**ഡോ. രാജേഷ് എം.ആർ.**

**സംഗ്രഹം**

സമകാലിക മലയാള ചെറുകഥ സങ്കീർണമായ സ്വത്വരാഷ്ട്രീയത്തിന്റെയും പ്രതീതി യാഥാർത്ഥ്യത്തിന്റെയും ബഹുവിധമായ ആഖ്യാനരീതികളുടെയും വഴികളിലൂടെയാണ് സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്. ദലിത് സ്വത്വബോധത്തെ വൈവിധ്യമേറിയ

കേരളീയ സാംസ്കാരിക പരിസരത്തിലേക്ക് സന്നിവേശിപ്പിക്കുന്ന നിരവധി കഥകൾ ഇന്നു കാണുന്നുണ്ട്. ദലിത് ആഖ്യാനത്തിന്റെയും രാഷ്ട്രീയത്തിന്റെയും വൈവിധ്യങ്ങൾ പെലയസ്ഥാനം : ഒരു നാടോടിക്കഥ, മണ്ണിര, പന്തിരുകുലം, പെലയക്കുരിശ് സത്യം, രാമച്ചി എന്നീ കഥകളിൽ എങ്ങനെ ആവിഷ്കരിക്കുന്നുവെന്ന അന്വേഷണമാണ് പ്രബന്ധം. ആധുനിക കാലഘട്ടത്തിൽ പൊതുസമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ദലിത് സ്വത്വം പ്രതിബോധ രാഷ്ട്രീയമായും വിമർശനസ്വരമായും മാറുന്നതെങ്ങനെയെന്നും പ്രബന്ധം ചർച്ച ചെയ്യുന്നു.

**താക്കോൽ വാക്കുകൾ**

കീഴാളത, മതം, ഭരണകൂടം, സ്വത്വം

## പറച്ചിലിന്റെ ലാവണ്യശാസ്ത്രവും തദ്ദേശീയാധുനികതയും മലയാളത്തിലെ പുതുകഥകളിൽ

**ഇന്ദു പി. നമ്പൂതിരി**

### സംഗ്രഹം

ആധുനികപൂർവ ഭാവനാവ്യവഹാരങ്ങളുടെ സ്വയം പ്രകാശനശേഷിയാണ് കഥപറച്ചിലിൽ തെളിയുന്നത്. നാട്ടനുഭവങ്ങളുടെ ക്രമങ്ങളിലാണ് ആദ്യചെറുകഥയിലെ ആഖ്യാതാവ് ആത്മകഥനം നടത്തുന്നത്. പറച്ചിലും ഓർമയും സംവഹിക്കുന്ന ഈ വിനിമയവ്യവസ്ഥ തദ്ദേശ ആധുനിക ആവിഷ്കാരപ്രകാരമായി മലയാളചെറുകഥയെ ഭാവന ചെയ്തു. അധിനിവിഷ്ട ജ്ഞാനമണ്ഡലങ്ങളുടെ നിസ്സഹകരണസമരമാണ് ചെറുകഥ ചരിത്രവത്കരിക്കുന്നത്. പറച്ചിലും ഓർമയും പ്രതിരോധമൂല്യമാർജിക്കുന്ന തനതാധുനികതയുടെ ഭാവസ്വരൂപമായി മലയാളചെറുകഥയുടെ വിമർശനയുക്തികൾ കണ്ടെടുക്കുകയാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ:**

തദ്ദേശീയത (Indigenous), കഥപറച്ചിലുകാരൻ (story teller), ആഖ്യാനശാസ്ത്രം Narratology), ഓർമ (memory)

## 1128-ൽ ക്രൈം 27: ഒരു പുനർവായന

**സണ്ണി സെബാസ്റ്റ്യൻ**

### സംഗ്രഹം

ഈ ലേഖനം ആധുനിക ദർശനങ്ങളുടെ വെളിച്ചത്തിൽ *1128-ൽ ക്രൈം 27* എന്ന നാടകത്തെ പഠനവിധേയമാക്കുന്നു. ദുരന്തത്തെ ഫലിതമാക്കി മാറ്റുന്ന ദർശനമാണ് ഈ നാടകത്തിലവതരിപ്പിക്കുന്നത്. ദുരന്തത്തെയും ഫലിതത്തെയുംകൂട്ടിയിണക്കി, പ്രഹസനത്തിന്റെയും ദുരന്തനാടക ത്തിന്റെയും കലർപ്പിലൂടെ പുതിയൊരു നാടകശിൽപ്പം നിർമിക്കുവാനാണ് സി.ജെ. തോമസ് ശ്രമിച്ചത്. മരണത്തിന്റെ വകഭേദങ്ങളായ വധശിക്ഷ, ആത്മഹത്യ, കൊലപാതകം എന്നിവയെക്കുറിച്ചുള്ള ദാർശനികമായ ചർച്ചയും ക്രൈം നാടകത്തിലുണ്ട്. ക്രൈം നാടകത്തിലെ ദുരന്താവബോധത്തെ നിർണയിക്കുന്ന പ്രധാനഘടകം രൂപപരമായി സി.ജെ. നടത്തുന്ന കലാപമാണ്.

**താക്കോൽവാക്കുകൾ**

ദുരന്തദർശനം (Tragic vision), അന്യൻ (The Outsider), അർഥശൂന്യനായ മനുഷ്യൻ (absurd man), മെറ്റാതിയേറ്റർ (Metatheatre), അന്യവൽക്കരണം (theory of alienation), ശകലിതഘടന (fragmentation), എതിർനാടകം (Antiplay), അസ്തിത്വദർശനം (Existentialism), എക്സ്പ്രഷണിസം (Expressionism), അബ്സേർഡ് തിയേറ്റർ (Absurd Theatre), എപ്പിക് തിയേറ്റർ (Epic Thetare)

# Visual Literacy: Cultural aesthetics and visual signifiers of early studio photographs of Kerala

**Sujith Kumar Parayil**

### Abstract

In this article, the writer focuses on the multiple strands of visual narrative associated with the emergence of photo studios in Kerala and investigate the visual practices and conventions that studio photography gave rise to in this region. By looking at conventions of 'image making', in concurrence with early paintings as well as literature, it is argued here that both the process of 'seeing'through the camera and the photographed subjects imagination in the studio photograph were mediated by the cultural technologies of the self, which unites the 'rational' and 'moral' worldviews of the modern universal subjectivities of colonial modernity.

### Key words

Visual narrative, photo studios, photography, image making, colonial modernity, visual vocabulary, framescape, theatrical tableaux, spatial continuum, inner nature